(എ) കേരള സർക്കാരിന്റെ നിയന്ത്രണമുള്ള ഓട്ടോണമസ് സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വങ്ങൾ ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്നറിയിക്കാമോ ;

(ബി) എൽ.ബി.എസ്., റിപ്രോഗ്രാഫിക് സെന്റർ, ഐ.എച്ച്.ആർ.ഡി.ഇ. തുടങ്ങിയ സ്ഥാപനങ്ങളിൽ നിലവിൽ പിന്നോക്ക പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര ജീവനക്കാർ ഉണ്ട് ;

(സി) ഇത് ആകെ ജീവനക്കാരുടെ എത്ര ശതമാനം ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവിടെ സംവരണതത്വം കർശനമായി പാലിക്കാൻ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

എൻജിനീയറിംഗ് സബ്മിഷൻ

12 (1163) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-ലെ എൻജിനീയറിംഗിലെ വിവിധ ബ്രാഞ്ചുകളിലേയ്ക്ക് അഡ്മിഷൻ ലഭിച്ചിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ എത്ര ;

(ബി) 2000-ൽ എൻജിനീയറിംഗിലെ വിവിധ ബ്രാഞ്ചുകളിലേയ്ക്ക് അഡ്മിഷൻ ലഭിച്ചിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ എത്ര ;

(സി) കൗൺസിലിംഗിന് പകരം ഓപ്ഷൻ സമ്പ്രദായം ഏർപ്പെടുത്തിയതുമൂലം പട്ടികജാതി വിദ്യാർത്ഥികൾക്ക് വൻതോതിൽ സീറ്റുകൾ നഷ്ടപ്പെട്ടിട്ടുള്ളതായി ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം നൽകാമോ ;

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അർഹതപ്പെട്ട സീറ്റുകൾ അവർക്കു തന്നെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികൾ 475, പട്ടികവർഗ്ഗവിദ്യാർത്ഥികൾ 21.

(ബി) പട്ടികജാതി വിദ്യാർത്ഥികൾ 635, പട്ടികവർഗ്ഗവിദ്യാർത്ഥികൾ 34.

(സി&ഡി) ഇല്ല. 150 ഓപ്ഷനുകൾ നൽകാൻ അവസരം നൽകിയിരുന്നെങ്കിലും ചില ഒറ്റപ്പെട്ട കേസുകളിൽ വിദ്യാർത്ഥികൾ ആവശ്യാനുസരണം ഓപ്ഷനുകൾ സമർപ്പിക്കാത്തതിനാൽ പ്രവേശനം കിട്ടാതെ പോയിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly